ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഡിസ്കസ് ചെയ്യുമ്പോൾ നമ്പർ ഒന്നും പറഞ്ഞിട്ടില്ല. ആകെ പറഞ്ഞത് ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമന്റ്മെന്റ്) ബിൽ പാസാക്കാമെന്നാണ്. അതിന്റെ കൂടെ ഒരു മലയാളത്തിലുള്ള ബില്ലുമുണ്ട്. അത് ഉൾപ്പെടുത്തിക്കൂടായെന്നുണ്ടെങ്കിൽ മാറ്റിവയ്ക്കാം. ഇതിനോട് നിസ്സഹകരണ മനോഭാവമാണെങ്കിൽ അങ്ങേയ്ക്ക് യുക്തമായിട്ടുള്ളത് ചെയ്യാം.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞങ്ങൾ പറഞ്ഞതാണോ അതോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണോ തെറ്റ് എന്നതിനെ സംബന്ധിച്ച് അങ്ങ് റൂൾ ചെയ്യണം.

X കാര്യോപദേശക സമിതി യോഗത്തിൽ പരിഗണനയ്ക്ക് വരാത്ത ഒരു ബിൽ കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ ബി. എ. സി. 12.00 മണിക്ക് വച്ചിരുന്നത് 12.30നാണ് കൂടാൻ കഴിഞ്ഞത്. കാരണം സഭ നീണ്ടുപോയതുകൊണ്ട്. ഇന്നലെ പ്രതിപക്ഷ നേതാവ് ഇല്ലായിരുന്നു. 12.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ മറ്റ് ക്ഷണിതാക്കൾ എല്ലാപേരും പങ്കെടുത്തിരുന്നു. ഇന്നലെ നമ്മുടെ തുടർന്നുള്ള ബിസിനസുകളെ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. തീരുമാനം എടുത്ത കൂട്ടത്തിൽ അവിടെ തീരുമാനിക്കാത്ത ഒരു കാര്യം ഇന്നത്തെ റിപ്പോർട്ടിൽ വന്നു എന്നാണ് പറയുന്നത്. 8-ാം തീയതിയിലെയും 13-ാം തീയതിയിലെയും ബിസിനസുകളെ സംബന്ധിച്ചാണ് തർക്കം. ഇന്നലത്തെ ബി. എ. സി. യിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. ചില മാറ്റങ്ങൾ വരുത്താൻ ഇടയായ സംഗതിയെന്നു പറയുന്നത്, അംഗങ്ങൾ പ്രത്യേകിച്ചും പ്രതിപക്ഷത്തുള്ള അംഗങ്ങൾ ബില്ലുകളെ സംബന്ധിച്ച്, അല്ലെങ്കിൽ ഓർഡിനൻസ് റിപ്ലെയ്സ് ചെയ്യുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ പ്രയോറിറ്റി എന്താണെന്ന് ചോദിച്ചു. അപ്പോഴാണ് ഒരു പുതിയ കാര്യം വന്നത്. പ്രയോറിറ്റിയിൽ ഞങ്ങൾക്ക് ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ്മെന്റ്) ബിൽ ഉണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ്മെന്റ്) ബിൽ വളരെ പ്രധാനപ്പെട്ടതാണെങ്കിലും കഴിഞ്ഞ ബി. എ. സി. കൂടുമ്പോൾ അത് വന്നിരുന്നില്ല. കഴിഞ്ഞ ബി. എ. സി. ക്ക് ശേഷമാണ് ബില്ലുകൾ വന്നത്. ആ ബില്ലുകൾ രണ്ടു ദിവസങ്ങളിലായി അംഗങ്ങൾക്ക് കമ്മിറ്റി മുമ്പാകെ സർക്കുലേറ്റ് ചെയ്തിരുന്നു. അതുകൊണ്ടാണല്ലോ കമ്മിറ്റിയിൽ വരുന്നത്. സർക്കുലേറ്റ് ചെയ്ത കൂട്ടത്തിൽ രണ്ട് ബില്ലുകൾ സർക്കുലേറ്റ് ചെയ്തിരുന്നു. ഒന്ന് 2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ്മെന്റ്) ബിൽ (ബിൽ നം. 239). രണ്ടാമത്തേത് ഡീസെൻട്രലൈസേഷൻ എന്ന പേരിലല്ല, 2000-ലെ കേരള കമാന്റ് ഏരിയ ഡവലപ്പ്മെന്റ് (അമെന്റ്മെന്റ്) ബിൽ (ബിൽ നം. 240). ഈ ബില്ലുകൾ ഡീസെൻട്രലൈസേഷൻ എന്നുള്ള നിലയിൽ ചർച്ച ചെയ്തതല്ലാതെ നമ്പർ എന്നുള്ള നിലയ്ക്ക് അവിടെ ചർച്ച ചെയ്യപ്പെട്ടില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, സാധാരണ നമ്മൾ ബില്ലിന്റെ പേരല്ലേ ചർച്ച ചെയ്യുന്നത്. ബില്ലിന്റെ നമ്പർ ചർച്ച ചെയ്യാറില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ബഹളം.....ബഹളം.....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, നടപടിക്രമം ശരിയല്ല. ചെയർ സംസാരിക്കുമ്പോൾ ശ്രീ. ടി. എം. ജേക്കബ് എണീറ്റുനിന്ന് എല്ലാപേരേയും ഡിക്റ്റേറ്റ് ചെയ്യുന്നത് ശരിയല്ല.

മി. സ്പീക്കർ : ചെയർ പറയുമ്പോൾ ഇന്റർഫിയറൻസ് വേണ്ട. ഡീസെൻട്രലൈസേഷൻ എന്ന നിലയിലുള്ള ബിൽ ചർച്ച ചെയ്യണമെന്നാണ് വന്നത്. അതിന്റെ വിശദാംശങ്ങളോ ബില്ലിന്റെ നമ്പരോ ഒന്നും പരാമർശിക്കപ്പെട്ടില്ല എന്നുള്ളത് വാസ്തവമാണ്. അവിടെ ഡീസെൻട്രലൈസേഷൻ വളരെ പ്രധാനപ്പെട്ടതാണ്. എല്ലാപേരും അംഗീകരിക്കുന്നു. അതിന് സമയം വേണമെന്ന പ്രശ്നം വന്നു. ഒരു ദിവസം വേണമെന്ന് പറഞ്ഞു. രണ്ട് ദിവസം വേണമെന്ന് പറഞ്ഞു, രണ്ട് ദിവസമാണെങ്കിൽ എന്ന് വേണമെന്ന് ചർച്ച വന്നു. അതിലൊക്കെ ചെയർ എന്നുള്ള നിലയ്ക്ക് ഞാൻ ഇന്റർഫിയർ ചെയ്തു. രണ്ട് ഭാഗവും കേട്ടതിന്റെ അടിസ്ഥാനത്തിൽ ഇവിടെ അൽപ്പമൊരു കൺഫ്യൂഷൻ വന്നത് പ്യൂവർലി ടെക്നിക്കൽ മാറ്ററാണ്. ഡീസെൻട്രലൈസേഷൻ എന്ന ബില്ലിൽ ആർക്കും തർക്കമില്ല. ഡീസെൻട്രലൈസേഷൻ എന്നു പറയുന്നത് ഒരു ബിൽ അല്ല. 239-ാം നമ്പർ ബില്ലിൽ 34 ആക്ടുകളുടെ ഭേദഗതിയാണ്. 240-ാം നമ്പർ ബില്ലിൽ ഒന്നുകൂടിയുണ്ട്. അതാണ് ഞാൻ പറഞ്ഞത് അതൊരു ടെക്നിക്കൽ മാറ്ററാണെന്ന്. ഏതായാലും വന്നു. അജണ്ടയിൽ പെടുത്തി വന്നത് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞ രൂപത്തിലല്ല. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത് 8-ാം തീയതി ഡീസെൻട്രലൈസേഷനും 9-ാം തീയതി കമാന്റ് ഏരിയ വികസന ബില്ലുമാണ്. ഇവിടെ ഇപ്പോൾ വന്നിരിക്കുന്നത് രണ്ടും കൂടി ചേർത്ത് രണ്ടിന്റേയും അവതരണവും കമ്മിറ്റിക്ക് വിടുന്ന പ്രമേയവുമാണ് എട്ടും ഒൻപതും തീയതികളിൽ വന്നിരിക്കുന്നത്. ഇവിടെ വന്ന പ്രശ്നം ഒരു ടെക്നിക്കൽ ഇഷ്യൂ ആണ്. നമുക്ക് അത് സോർട്ട് ഔട്ട് ചെയ്യേണ്ടതാണ്. രണ്ടുദിവസവും ആവശ്യംപോലെ സമയം എടുക്കുന്നതിന് നമ്മൾ തീരുമാനിച്ചു. നമുക്ക് രണ്ടു ദിവസങ്ങളിലായി ചർച്ച ചെയ്യാം. ഇനി ഡിബേറ്റ് ചെയ്തിട്ട് കാര്യമില്ല. ഇപ്പോൾ റിപ്പോർട്ടിൽ വന്നിരിക്കുകയാണ്. റിപ്പോർട്ടിൽ വരാത്ത കാര്യമാണ് മുഖ്യമന്ത്രി പറയേണ്ടത്. റിപ്പോർട്ടിലുള്ള കാര്യം പറയേണ്ട കാര്യമില്ല.

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങൾക്ക് ഈ കാര്യത്തിൽ സഭയുടെ മുമ്പാകെ സത്യവിരുദ്ധമായി ഒന്നും പറയാനില്ല. സത്യം സത്യമായി പറയുന്നു. ഇന്നലത്തെ ബി. എ. സി. യിൽ കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലിനെ സംബന്ധിച്ചോ ..... അവിടെ പറയാത്ത ഒരു കാര്യം ബി. എ. സി. യുടെ റിപ്പോർട്ടായി വരുന്നത് ഞങ്ങളോട് കാണിക്കുന്ന, അല്ലെങ്കിൽ അതിൽ പങ്കെടുത്ത ആളുകളുടെ ഇന്റഗ്രിറ്റിയോട് കാണിക്കുന്ന അവഹേളനമാണ്. ഈ വാദമുഖങ്ങൾ മന്ത്രിക്ക് അവിടെ പറയാമായിരുന്നല്ലോ.

മി. സ്പീക്കർ : ഇത് ഒരു തർക്കത്തിന്റെ വിഷയമാക്കാതെ..... തീരുമാനിക്കാത്ത കാര്യം എന്തിന് റിപ്പോർട്ടിൽ വന്നു ? അതുകൊണ്ടാണ് ചെയർ പറഞ്ഞത് പ്യൂവർലി ടെക്നിക്കൽ മാറ്റർ ആണ് എന്ന്. തീരുമാനിക്കാത്ത കാര്യം വന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

കാരണം അവിടെ ഡീസെൻട്രലൈസേഷൻ എന്നേ പറഞ്ഞുള്ളൂ. ബില്ലിന്റെ നമ്പർ പറഞ്ഞില്ല. ഡീസെൻട്രലൈസേഷനാണ് പ്രയോറിറ്റിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിന് രണ്ടു ദിവസം വച്ചു. റിപ്പോർട്ട് അംഗീകരിക്കാമോയെന്നുള്ള പ്രശ്നം പരിഗണനയ്ക്കെടുക്കുകയാണ്.

കാര്യോപദേശകസമിതിയുടെ 31-ാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണം എന്ന പ്രശ്നത്തിനെതിരെ ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭ താഴെപറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ -30

1. ശ്രീ. കെ. പി. എ. മജീദ്
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, വി. ബാലറാം
6. ,, പി. ജെ. ഫ്രാൻസിസ്
7. ശ്രീമതി കെ. ആർ. ഗൗരിയമ്മ
8. ശ്രീ. ഇസ്ഹാക് കുരിക്കൾ
9. ,, ടി. എം. ജേക്കബ്
10. ,, പി. ജെ. ജോയി
11. ,, ജി. കാർത്തികേയൻ
12. ,, കെ. കുട്ടി അഹമ്മദ് കുട്ടി
13. ,, മാമ്മൻമത്തായി
14. ,, കെ. എം. മാണി
15. ,, കെ. മുഹമ്മദാലി
16. ,, ഇ. ടി. മുഹമ്മദ് ബഷീർ
17. ,, സി. മൊയിൻകുട്ടി
18. ,, ആര്യാടൻ മുഹമ്മദ്
19. ,, എം. കെ. മുനീർ
20. ,, എഴുകോൺ നാരായണൻ
21. ,, അടൂർ പ്രകാശ്
22. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ,, പാലോട് രവി

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ തമ്പാനൂർ രവി
25. ശ്രീമതി റോസമ്മ ചാക്കോ
26. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
27. ശ്രീ. കെ. സുധാകരൻ
28. „ പി. പി. തങ്കച്ചൻ
29. „ കെ. സി. വേണുഗോപാൽ
30. „ ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ-46

1. ശ്രീ. എ. അലി ഹസ്സൻ
2. „ ആന്റണി രാജു
3. „ എൻ. ആർ. ബാലൻ
4. „ ടി. കെ. ബാലൻ
5. „ സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
8. „ എം. ദാസൻ
9. „ പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. „ ടി. കെ. ഹംസ
13. „ സി. എൻ. ജയദേവൻ
14. „ എം. വി. ജയരാജൻ
15. „ ടി. എസ്. ജോൺ
16. „ ജോൺ ഫെർണാണ്ടസ്
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. പി. ജെ. ജോസഫ്
19. „ എളമരം കരീം
20. „ ഇ. കെ. നായനാർ
21. „ കെ. ടി. കുഞ്ഞഹമ്മദ്
22. ശ്രീമതി ആർ. ലതാദേവി
23. ശ്രീ. ലോനപ്പൻ നമ്പാടൻ
24. പ്രൊഫ. മീനാക്ഷി തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. ടി. നാണു മാസ്റ്റർ
26. „ എം. നാരായണൻ (കുഴൽമന്ദം)
27. „ ശ്രീ. പി. നാരായണൻ
28. „ ശ്രീ. ടി. കെ. നൗഷാദ്
29. „ ശ്രീ. കെ. പ്രകാശ് ബാബു
30. ശ്രീമതി എൻ. കെ. രാധ
31. ശ്രീ. കെ. രാധാകൃഷ്ണൻ
32. „ പി. രാഘവൻ
33. „ സി. കെ. രാജേന്ദ്രൻ
34. „ രാജു എബ്രഹാം
35. „ വി. പി. രാമകൃഷ്ണപിള്ള
36. „ കടമ്മനിട്ട രാമകൃഷ്ണൻ
37. „ എസ്. ശർമ്മ
38. „ കെ. പി. സതീശ് ചന്ദ്രൻ
39. „ സെബാസ്റ്റ്യൻ പോൾ
40. „ ടി. ശിവദാസമേനോൻ
41. „ പി. പി. സുലൈമാൻ റാവുത്തർ
42. „ പി. എസ്. സുപാൽ
43. „ കടകംപള്ളി സുരേന്ദ്രൻ
44. „ എം. എ. തോമസ്
45. „ വർഗ്ഗീസ് വൈദ്യർ
46. „ പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ : 30

പ്രതികൂലിക്കുന്നവർ : 46

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

കാര്യോപദേശക സമിതിയുടെ 31-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly